നം.എൻ3/28003/09/ഡി.പി.ഐ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം, തീയതി. 05.08.09

**<u>സർക്കുലർ</u>**

വിഷയം –വിദ്യാഭ്യാസം – സംസ്ഥാനത്തെ ശുചീകരണ മേഖലകളിൽ പ്രവർത്തിക്കുന്നവരുടെ മക്കൾക്കുള്ള പ്രീ–മെട്രിക് സ്കോളർഷിപ്പ് സംബന്ധിച്ച്

സൂചന –സർക്കാർ കത്ത് നം.11014/28/2007/എസ്.സി.ഡി.വി തീയതി. 21.01.2009

കേന്ദ്ര സർക്കാർ സംസ്ഥാനത്തെ സർക്കാർ/മറ്റിതര മേഖലകളിൽ ശുചീകരണ രംഗത്ത് പ്രവർത്തിക്കുന്ന വിഭാഗങ്ങളിൽപ്പെട്ടവരുടെ മക്കൾക്ക് പ്രീ–മെട്രിക് സ്കോളർഷിപ്പ് നൽകുന്നു. 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ഈ സ്കോളർഷിപ്പ് നൽകുന്നതാണ്. സ്കൂൾ ഹെഡ്മാസ്റ്റർമാർ ഈ വിഭാഗത്തിൽപ്പെട്ട രക്ഷിതാക്കളുടെ അർഹതയുള്ള കുട്ടികളെ കണ്ടെത്തി ആവശ്യമായ വിവരങ്ങൾ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരെ അറിയിക്കേണ്ടതാണ്. അർഹരായ കുട്ടികളുടെ വിശദ വിവരങ്ങൾ ഇതോടൊപ്പമുള്ള പ്രഫോർമയിൽ സ്കൂളുകൾ വഴി ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ സ്വീകരിക്കേണ്ടതാണ്. കൂടാതെ ശുചീകരണ മേഖലയിൽ ജോലി ചെയ്യുന്നവരാണെന്ന് സാക്ഷ്യപ്പെടുത്തുന്ന തൊഴിൽ ദാതാക്കൾ നൽകുന്ന സർട്ടിഫിക്കറ്റ് വാങ്ങി പരിശോധിച്ച് ഉറപ്പു വരുത്തിയതിനു ശേഷം മാത്രമേ ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ ലിസ്റ്റ് സമർപ്പിക്കാവൂ. സ്കോളർഷിപ്പിനെ പറ്റിയുള്ള വിശദവിവരങ്ങൾ വിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റായ www.education.gov.in ൽ ലഭ്യമാണ്. എൽ.പി, യു.പി. സ്കൂളുകളിലെ അർഹരായ കുട്ടികളുടെ വിവരങ്ങൾ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ വഴി ജില്ലാ വിദ്യാഭ്യാസ ആഫീസിൽ നൽകേണ്ടതാണ്.

അർഹരായ വിദ്യാർത്ഥികളുടെ വിശദ വിവരങ്ങൾ ഇതോടൊപ്പം വച്ചിട്ടുള്ള നിർദ്ദിഷ്ട പ്രഫോർമയിൽ പൂരിപ്പിച്ച് 31.08.09 നു മുമ്പായി ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

**ഒപ്പ്**
**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**

**എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും**
**ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും**

PROFORMA FOR THE PRE-MATRIC SCHOLARSHIP TO CHILDREN OF THOSE ENGAGED IN UNCLEAN OCCUPATION

| Sl.No | Name of School | Name of Student | Std. | Date of Birth | Name of Parent & Home Address | Occupation | Caste | | | Remarks |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | SC | ST | Others | |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |